ദേശീയ സമ്പാദ്യപദ്ധതി

25(*175) ശ്രീ. വി. ശശികുമാർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതി മുഖേനയുള്ള നിക്ഷേപ സമാഹരണ ലക്ഷ്യം കൈവരിക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) കഴിഞ്ഞ വർഷത്തെ നിക്ഷേപ ലക്ഷ്യം എത്രയായിരുന്നു ; ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) മഹിളാ പ്രധാൻ, എസ്.എ.എസ്. ഏജന്റുമാർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ദേശീയ സമ്പാദ്യ പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ,

(എ) ഉണ്ട്.

(ബി) ഇതര ബാങ്കിംഗ് സ്ഥാപനങ്ങളുടെ പലിശ നിരക്കുകളിൽ വരുത്തിയ വർദ്ധനയ്ക്കനുസരിച്ച് ദേശീയ സമ്പാദ്യ പദ്ധതിയുടെ പലിശ നിരക്കിൽ വർദ്ധനവ് വരുത്താത്തത് നിക്ഷേപ സമാഹരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. (1-3-2003-ന് ശേഷം ദേശീയ സമ്പാദ്യപദ്ധതി പലിശ നിരക്കിൽ യാതൊരു വർദ്ധനവും ഉണ്ടായിട്ടില്ല.)

(സി) 2600 കോടി രൂപ. ലക്ഷ്യം കൈവരിച്ചിട്ടില്ല.

(ഡി) മഹിളാ പ്രധാൻ, എസ്.എ.എസ് ഏജന്റുമാർക്ക് 10/2010 വരെയുള്ള പ്രോത്സാഹന അലവൻസും കഴിഞ്ഞ സാമ്പത്തിക വർഷത്തേയ്ക്കുള്ള ബോണസ്സും അനുവദിച്ച് നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഏജന്റുമാർക്കായി വെൽഫെയർ ഫണ്ടും പെൻഷനും നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) ആവശ്യപ്പെടാവുന്നതാണ്.

രക്ഷാപ്രവർത്തനങ്ങൾക്കായുള്ള യുവകർമ്മസേന

26(*176) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. എം. എം. മോനായി :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരന്ത മേഖലകളിലെ രക്ഷാപ്രവർത്തനങ്ങൾക്കായി രൂപീകരിച്ച യുവകർമ്മ സേനയെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly